"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ. വകുപ്പ് - കോവളം - ബേക്കൽ ജലപാതാ വികസനം - "വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ്" - തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ 11 കുടുംബങ്ങളുടെ പുനരധിവാസം - ലിസ്റ്റിന് - അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.58/2025/CSIND തീയതി,തിരുവനന്തപുരം, 19-12-2025

പരാമർശം:-

1. സ.ഉ (സാധാ) നം.23/2022/സി.എസ്.ഐ.എൻ.ഡി, തീയതി 24/11/2022.
2. സ.ഉ (സാധാ) നം.4/2023/സി.എസ്.ഐ.എൻ.ഡി, തീയതി 16/02/2023.
3. സ.ഉ (സാധാ) നം.31/2023/സി.എസ്.ഐ.എൻ.ഡി, തീയതി 25/10/2023.
4. സ.ഉ (സാധാ) നം.22/2024/സി.എസ്.ഐ.എൻ.ഡി, തീയതി 14/06/2024.
5. സ.ഉ (സാധാ) നം.27/2024/സി.എസ്.ഐ.എൻ.ഡി, തീയതി 16/07/2024.
6. സ.ഉ (സാധാ) നം.23/2025/സി.എസ്.ഐ.എൻ.ഡി, തീയതി 06/06/2025.
7. കിൽ മാനേജിംഗ് ഡയറക്ടറുടെ 18/11/2025 തീയതിയിലെ KWIL/WCC/Rehab/107/2025 നമ്പർ കത്ത്.

**ഉത്തരവ്**

കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതാ വികസനവുമായി ബന്ധപ്പെട്ട് കോവളം മുതൽ വർക്കല വരെയുള്ള ഭാഗത്ത് കനാൽ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെ "വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ്" നടപ്പാക്കുന്നതിന് പരാമർശം (1) പ്രകാരം വ്യവസ്ഥകളോടെ അംഗീകാരം നൽകി ഉത്തരവായിരുന്നു. പ്രസ്തുത പാക്കേജ് പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള നിബന്ധനകൾ അംഗീകരിച്ചുകൊണ്ട് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ പ്രസ്തുത പാക്കേജ് പ്രകാരം ധനസഹായത്തിന് അർഹരായി കണ്ടെത്തിയ 349 (15+174+98+62) കുടുംബങ്ങളുടെ ലിസ്റ്റിന് പരാമർശം (3), (4), (5), (6) പ്രകാരവും അംഗീകാരം നൽകിയിരുന്നു.

2. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ 11 കുടുംബങ്ങൾ കൂടി

പുനരധിവാസ പാക്കേജ് സ്വീകരിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും പത്ത് ലക്ഷം രൂപ പാക്കേജ് തുകയ്ക്കും ഒരു ലക്ഷം രൂപ വാടക തുകയ്ക്കും ഈ 11 കുടുംബങ്ങൾ അർഹരാണെന്നും പ്രസ്തുത കുടുംബങ്ങളുടെ ലിസ്റ്റിന് അംഗീകാരം നൽകണമെന്നും പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്- ന്റെ മാനേജിംഗ് ഡയറക്ടർ പരാമർശം (7) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ "വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ് പ്രകാരം പത്ത് ലക്ഷം രൂപ പാക്കേജ് തുകയ്ക്കും ഒരു ലക്ഷം രൂപ വാടക തുകയ്ക്കും അർഹരായി കണ്ടെത്തിയിട്ടുള്ള ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള 11 കുടുംബങ്ങളുടെ ലിസ്റ്റിന്, താഴെ പറയുന്ന നിബന്ധനകളോടുകൂടി അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ. ഒരേ കുടുംബത്തിന് ഒന്നിലധികം തവണ ആനുകൂല്യം ലഭിക്കാൻ പാടില്ല.

ബി. ആനുകൂല്യം നൽകുന്നതിന് മുൻപായി ജില്ലാ കളക്ടർ ലിസ്റ്റ് പരിശോധിച്ച് അർഹത ഉറപ്പാക്കണം

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ,ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
മാനേജിംഗ്, ഡയറക്ടർ/ചീഫ് എഞ്ചിനീയർ, ക്വിൽ കൊച്ചി എയർപോർട്ട് പി. ഒ കൊച്ചി
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം പി.ഒ, കൊല്ലം.
ഡയറക്ടർ, ഫിഷറീസ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ /ചീഫ് എഞ്ചിനീയർ, ക്വിൽ,കൊച്ചി എയർപോർട്ട് പി.ഒ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വെബ് & ന്യൂ മീഡിയ)വകുപ്പ്.
മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (എ2/221/2025/സി.എസ്.ഐ.എൻ.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Bimal V
സെക്ഷൻ ഓഫീസർ
Date: 20-12-2025 10:45:33

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സി.എസ്.ഐ.എൻ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി യുടെ പി.എ.യ്ക്ക്

19-12-2025 തീയതിയിലെ സ.ഉ.(സാധാ) നം.58/2025/CSIND പ്രകാരമുള്ള ലിസ്റ്റ്

| WEST COAST CANAL REHABILITATION PACKAGE | | | | |
|---|---|---|---|---|
| **Thiruvananthapuram Corporation** | | | | |
| SI. No | Property/ Owner code | Name | Address as per ration card | Ration Card No. |
| 1 | T1/071 | ഹസീന എ | അബ്ദുള്ളാഹ് മൻസിൽ, പൂന്തുറ | 1101063767 |
| 2 | T1/081(1) | നസീമ ബീവി | അൽ അമീർ മൻസിൽ, പൂന്തുറ | 1101043388 |
| 3 | T1/133 | ശ്രീനാ ദേവി എസ് എസ് | 75/1419-1, ആറ്റരികത്ത് വീട്, ആലുക്കാട് പൂന്തുറ പി.ഒ തിരുവനന്തപുരം കോർപ്പറേഷൻ | 1101081720 |
| 4 | T1/136 | മഞ്ചു വി പി (വിജയമ്മ - late) | ഷൈനി ഭവൻ, പൂന്തുറ | 1101040460 |
| 5 | T1/154 | നബീസ | കടയറവീട്, പൂന്തുറ | 1101043737 |
| 6 | T2/199 | റൈഹാനത് ബീവി | മൂന്നാറ്റ്മുക്ക്, പൂന്തുറ തിരുവനന്തപുരം | 1101043989 |
| 7 | T2/211 | ജൻസില എസ് | മൂന്നാറ്റ്മുക്ക്, മാണിക്യവിളാകം | 1101082882 |
| 8 | T2/212(1) | ലൈലാ ബീവി | ആറ്റരികത്ത് വീട്, മൂന്നാറ്റുമുക്ക്, തിരുവനന്തപുരം | 1101037746 |
| 9 | T2/212(2) | ഹസീന ബീവി എൽ | ആറ്റരികത്ത് വീട്, മൂന്നാറ്റുമുക്ക്, തിരുവനന്തപുരം | 1101080196 |
| 10 | T3/151(1) | സുമയ്യ ബീവി | കലാം മൻസിൽ ബീമാപള്ളി | 1101085017 |
| 11 | T3/159(2) | താജുന്നിസ എസ് | മിൽക്ക് കോളനി മാണിക്യവിളാകം | 1101088967 |